A

GI 304

शिक्षा का अधिकार

सर्व शिक्षा अभियान
सब पढ़ें सब बढ़ें

# ഒന്നാം പാദവാർഷിക മൂല്യനിർണയം 2016-17

## പരിസരപഠനം

ക്ലാസ്സ് : 3

സമയം: 2 മണിക്കൂർ
ആകെ പോയിന്റ്: 25

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ പോയിന്റ് 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) 5/4/3/2/1 എന്നീ രീതിയിൽ പോയിന്റ് കണക്കാക്കി a/b/c/d/e എന്നിങ്ങനെ നിലവാരസൂചകങ്ങൾ നൽകണം.
3. എല്ലാ ചോദ്യത്തിന്റെയും നിലവാര സൂചകങ്ങൾ പരിഗണിച്ച് 5 പോയിന്റ് ശതമാന പട്ടിക ഉപയോഗിച്ച് ഓവറോൾ ഗ്രേഡ് നൽകണം. (A/B/C/D/E) ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.

**ഉത്തര സൂചിക**

**പ്രവർത്തനം 1**

പഠന നേട്ടം

വേര്, തണ്ട്, ഇല, കായ എന്നിവയുടെ ധർമ്മങ്ങൾ തിരിച്ചറിഞ്ഞ് വിശദീകരിക്കാൻ കഴിയുന്നു.

**സൂചകങ്ങൾ**

- ചെടിയുടെ പ്രധാനഭാഗങ്ങളായ വേര്, തണ്ട്, ഇല, കായ എന്നിവ ചിത്രീകരിച്ച് ധർമ്മങ്ങൾ വിശദീകരിക്കുന്നു. (ചിത്രം മൂല്യനിർണയത്തിന് വിധേയമാക്കേണ്ടതില്ല)

  - മൂന്നു ഭാഗങ്ങളും അവയുടെ ധർമ്മവും വിശദീകരിച്ചാൽ — സ്കോർ 3
  - രണ്ടു ഭാഗങ്ങളും അവയുടെ ധർമ്മങ്ങളും വിശദീകരിച്ചാൽ — സ്കോർ 2
  - ഒരു ഭാഗം, ഒരു ധർമ്മം — സ്കോർ 1

- നിത്യജീവിതത്തിൽ ഇല നാം എങ്ങനെയെല്ലാം പ്രയോജനപ്പെടുത്തുന്നുവെന്ന് വിശദീകരിക്കുന്നു.

  രണ്ട് സസ്യങ്ങളുടെ ഇലയും അവയുടെ ഉപയോഗവും ശരിയായി രേഖപ്പെടുത്തിയാൽ — സ്കോർ 2

  ഒരു സസ്യത്തിന്റെ ഇലയും അതിന്റെ ഉപയോഗവും ശരിയായി രേഖപ്പെടുത്തിയാൽ — സ്കോർ 1

പ്രതീക്ഷിക്കുന്ന ഉത്തരങ്ങൾ - ഇലക്കറിയ്ക്ക്, ഔഷധത്തിന് അലങ്കാരത്തിന് പൊതിയുന്നതിന് ..

**പ്രവർത്തനം-2**

പഠന നേട്ടം

ചുറ്റുപാടുമുള്ള സസ്യങ്ങളെ തിരിച്ചറിഞ്ഞ് അവയുടെ പ്രത്യേകതകൾ കണ്ടെത്തി തരംതിരിക്കാൻ കഴിയുന്നു.

സൂചകങ്ങൾ

- മരങ്ങൾ, വള്ളിച്ചെടികൾ, മരത്തേക്കാൾ ചെറിയ ചെടികൾ എന്നിവയുടെ പ്രത്യേകതകൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്തുന്നു.
- സസ്യങ്ങളുടെ പ്രത്യേകതകൾ വിശകലനം ചെയ്ത് നിഗമനം രൂപീകരിക്കുന്നു.

*ചോദ്യം 1*

- മരം, വള്ളിച്ചെടി, ചെറിയചെടികൾ എന്നീ വിഭാഗത്തിലെ നാല് ചെടികളെങ്കിലും രേഖപ്പെടുത്തിയാൽ സ്കോർ 1

*ചോദ്യം 2*

- അഞ്ചോ അതിൽ കൂടുതലോ സസ്യങ്ങളുമായി ബന്ധപ്പെട്ട പ്രസ്താവനകൾ ശരിയായി രേഖപ്പെടുത്തിയാൽ സ്കോർ 2
- മൂന്ന് നാല് പ്രസ്താവനകൾ ശരിയായാൽ സ്കോർ 1

*ചോദ്യം 3*

- മൂന്നോ അതിൽ കൂടുതലോ ക്രോഡീകരണ വസ്തുതകൾ ശരിയായാൽ സ്കോർ 1

*ചോദ്യം 4*

- മൂന്നോ നാലോ മരങ്ങളുടെ പേര് ശരിയായി രേഖപ്പെടുത്തിയാൽ സ്കോർ 1

## പ്രവർത്തനം-3

പഠന നേട്ടം

ആഹാരരീതിക്കനുസരിച്ച് ജീവികളെ സസ്യാഹാരികൾ, മാംസാഹാരികൾ, മിശ്രാഹാരികൾ എന്നിങ്ങനെ തരം തരിച്ച് എഴുതാൻ കഴിയുന്നു.

സൂചകങ്ങൾ

- വളർത്തു ജീവികളും അവയുടെ ആഹാരവും കണ്ടെത്തിപ്പറയാൻ കഴിയുന്നു.
- നമുക്കുചുറ്റുമുള്ള ജീവികളെ ആഹാരസമ്പാദനത്തിന്റെ അടിസ്ഥാനത്തിൽ സസ്യാഹാരികൾ, മാംസാഹാരികൾ, മിശ്രാഹാരികൾ എന്നിങ്ങനെ തരംതിരിക്കാൻ കഴിയുന്നു.
- മാംസാഹരികളുടെ ആഹാരസമ്പാദനത്തിനുള്ള പ്രത്യേകതകൾ വിശദീകരിക്കാൻ കഴിയുന്നു.

*ചോദ്യം 1*

- അഞ്ചോ അതിലധികമോ വളർത്തു മൃഗങ്ങളും ആഹാരവും ശരിയായി രേഖപ്പെടുത്തിയാൽ

സ്കോർ 1

ചോദ്യം 2

- ആഹാര രീതിയ്ക്ക് അനുസരിച്ച് മൂന്നു വിഭാഗങ്ങളാക്കി മൂന്നു വീതം ഉദാഹരണമെഴുതിയാൽ സ്കോർ 2
- രണ്ടു വിഭാഗങ്ങൾ ശരിയായാൽ സ്കോർ 1

ചോദ്യം 3

- മാംസാഹാരികളായ രണ്ട് ജീവികളുടെ പ്രത്യേകതകൾ കണ്ടെത്തിയാൽ സ്കോർ 2
- ഒന്നെങ്കിലുമെഴുതിയാൽ സ്കോർ 1

## പ്രവർത്തനം-4

പഠന നേട്ടം

ജലാശയങ്ങൾ മലിനമാകുന്നതിനുള്ള കാരണങ്ങൾ തിരിച്ചറിഞ്ഞ് അതു തടയുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

സൂചകങ്ങൾ

- ജല സ്രോതസ്സുകൾ നിരീക്ഷിച്ച് മലിനമാകാനുള്ള കാരണങ്ങൾ കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- ജലം സംരക്ഷിക്കുന്നതിനും പാഴാകാതിരിക്കുന്നതിനും ഉചിതമായ പ്രവൃത്തികൾ നിർദ്ദേശിക്കുന്നു.

ചോദ്യം 1

- ജലം മലിനമാകാനുള്ള രണ്ടോ അതിൽ കൂടുതലോ സാഹചര്യങ്ങൾ ചിത്രത്തിൽ നിന്ന് കണ്ടെത്തിയാൽ സ്കോർ 1

ചോദ്യം 2

- മൂന്നോ നാലോ ജലസ്രോതസ്സും അതു മലിനമാകുന്ന സാഹചര്യവും രേഖപ്പെടുത്തിയാൽ സ്കോർ 2
- ഒന്നോ രണ്ടോ ജലസ്രോതസ്സുകളുടെ കാര്യങ്ങൾ രേഖപ്പെടുത്തിയാൽ സ്കോർ 1

ചോദ്യം 3

- ജല സംരക്ഷണത്തിനു വേണ്ടി വീട്ടിലും സ്കൂളിലും നടപ്പാക്കാവുന്ന രണ്ടു നിർദ്ദേശങ്ങൾ വിതം എഴുതിയാൽ സ്കോർ 2
- വീട്ടിലും സ്കൂളിലും നടപ്പാക്കാവുന്ന ഓരോ നിർദ്ദേശങ്ങളോ ഏതെങ്കിലും ഒരിടത്തു നടപ്പാക്കാവുന്ന രണ്ടു നിർദ്ദേശങ്ങളോ രേഖപ്പെടുത്തിയാൽ സ്കോർ 1

## പ്രവർത്തനം-5

**പഠന നേട്ടം**

- മനുഷ്യന്റെ ഇടപെടലുകൾ ജീവികളുടെ നിലനിൽപ്പിനെ എങ്ങനെ ബാധിക്കുമെന്ന് പറയാൻ കഴിയുന്നു.
- ജീവികളെ നാം സംരക്ഷിക്കേണ്ടതാണെന്ന ആശയം ജനങ്ങളിൽ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ കഴിയുന്നു.

**സൂചകങ്ങൾ**

- ജീവികളുടെ നിലനിൽപ്പിനെ ദോഷകരമായി ബാധിക്കുന്ന മനുഷ്യന്റെ പ്രവർത്തനങ്ങൾ കണ്ടെത്താൻ സാധിക്കുന്നു
- ജീവികളെ നാം സംരക്ഷിക്കേണ്ടതാണെന്ന ആശയം പ്രചരിപ്പിക്കുന്ന പോസ്റ്ററുകൾ തയ്യാറാക്കുന്നു.

*ചോദ്യം 1*

- മൂന്നോ നാലോ പ്രവൃത്തികളും ജീവികളും ശരിയായി രേഖപ്പെടുത്തിയാൽ സ്കോർ 2
- രണ്ടെണ്ണം ശരിയായി രേഖപ്പെടുത്തിയാൽ സ്കോർ 1

*ചോദ്യം 2*

- മൂന്നോനാലോ സന്ദേശങ്ങളും പോസ്റ്റർ വാചകങ്ങളും ചിത്രവും അനുയോജ്യമായാൽ സ്കോർ 3
- ഒന്നോ രണ്ടോ സന്ദേശങ്ങളും പോസ്റ്റർ വാചകങ്ങളും ചിത്രവും അനുയോജ്യമായാൽ സ്കോർ 2
- ബോധവൽക്കരണത്തിന് യോജിച്ച ആശയങ്ങൾ അപൂർണമെങ്കിൽ സ്കോർ 1